# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 31/01/14

(28 RABI'UL AWWAL 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു പറഞ്ഞശേഷം, തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹ ഓതിയശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) ഇപ്രകാരം പറഞ്ഞു തുടങ്ങി.

**<u>യഥാർത്ഥ മതം</u>**

**" നിശ്ചയമായും അല്ലാഹുവിന്റെ ദൃഷ്ടിയിൽ യഥാർത്ഥ മതം ഇസ്‌ലാം ആകുന്നു. 3:20"**

ഇസ്‌ലാം ജീവിതത്തിന്റെ വാഹനമാണെങ്കിൽ, വിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) യഥാർത്ഥ ജീവിതത്തിന്റെ ജീവൽ മാതൃകയാണ്. നല്ലവരും കെട്ടവരുമായ സമ്മിശ്ര ജനങ്ങൾക്കിടയിൽ, ഈ താത്ക്കാലിക ലോകത്തിൽ അല്ലാഹുവിന്റെ ഒരു യഥാർത്ഥ ദാസൻ, എങ്ങനെ ആയിരിക്കണം എന്ന തിന്റെ ഏറ്റവും മികച്ച മാതൃകയാണ് മുഹമ്മദ് മുസ്തഫ(സ).

**<u>ഇസ്‌ലാം ലോകത്തിനു പ്രദാനം ചെയ്യുന്നതെന്ത് ?</u>**

അല്ലാഹുവിനുവേണ്ടി മാനവനെ പൂർണ്ണതയിലേക്ക് നയിക്കുന്നതിനുള്ള മാർഗ്ഗദർശനങ്ങളാണ് ഇസ്‌ലാം പ്രദാനം ചെയ്യുന്നത്. ഈ ലോകത്തേക്കും, ഇതിൽ ഉൾക്കൊള്ളുന്നതിലേക്കുമല്ല, തന്റെ ജീവിത ലക്ഷ്യം. ഈ ലോകം താത്ക്കാലികമാണ്, എന്നാൽ മാനവകുലത്തിന്റെ സൃഷ്ടാവ് എന്നെന്നും നിലനില്ക്കു ന്നവനാണ്. അതെ, അവന് ആരംഭമോ, അവസാനമോ ഇല്ല. അവൻ എന്നത്തേക്കുമുള്ളവനാണ്, അവന്റെ സാന്നിദ്ധ്യവും, അവന്റെ വെളിപ്പെടലും, മനുഷ്യചിന്തയ്ക്കതീതമാണ്.

**<u>പ്രവാചകന്റെ ജീവൽ മാതൃക</u>**

മുഹമ്മദ് മുസ്തഫ (സ) യുടെ ഭൂമിയിലെ ജീവിതകാലത്ത്, ജീവിതത്തിന്റെ ശരിയായ ദിശ, തന്റെ ജീവിതത്തിലൂടെ കാണിച്ചു തരികയുണ്ടായി. ഇത് പ്രവാചക ശ്രേഷ്ഠനായ അദ്ദേഹത്തിന്റെ അടിസ്ഥാന ഉത്തരവാദിത്വത്തിൽപ്പെട്ടതായിരുന്നു. ഈ മാതൃകതന്റെ കാലഘട്ടത്തിലെ ജനങ്ങൾക്കുവേണ്ടി മാത്രമായി രുന്നില്ല. അന്ത്യനാൾവരെ ഭൂമുഖത്തുവരുന്ന സകല ജനങ്ങൾക്കും വേണ്ടി ഉള്ളതായിരുന്നു.

വിശുദ്ധഖുർആനിലൂടെ അല്ലാഹു (ത) പറയുന്നത്.

**"മനുഷ്യവംശത്തിന്റെ നന്മയ്ക്കായി എഴുന്നേല്പിക്കപ്പെട്ട ഏറ്റവും ഉൽകൃഷ്ട സമുദായമാണ് നിങ്ങൾ. നിങ്ങൾ നല്ലകാര്യങ്ങൾ നിർദ്ദേശിക്കുകയും, ചീത്തകാര്യങ്ങൾ നിരോധിക്കുകയും, അല്ലാഹുവിൽ വിശ്വസി ക്കുകയും ചെയ്യുന്നു. ഗ്രന്ഥാനുസാരികൾ വിശ്വസിച്ചിരുന്നുവെങ്കിൽ അവർക്കത് ഗുണകരമായാനേ. അവ രിൽ വിശ്വാസികളായ ചിലരുണ്ട്. പക്ഷേ അവരിൽ അധികം പേരും ധിക്കാരികളാണ്."** (3:111)

വിശുദ്ധഖുർആനിൽ അധ്യായം 14:25-28 ൽ അല്ലാഹു പറയുന്നു.

**"അല്ലാഹു ഒരു ഉപമ എങ്ങനെ വിവരിച്ചിരിക്കുന്നുവെന്ന് നീ കണ്ടില്ലേ? (അതായത്) ഒരു പരി ശുദ്ധ വചനത്തെ ഒരു നല്ല വൃക്ഷത്തോട് (ഉപമിച്ചിരിക്കുന്നത്) അതിന്റെ അടിവേര് ഉറച്ച് നില്ക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തിൽ (ഉയർന്നു നില്ക്കുന്നതും) ആണ്. അതിന്റെ നാഥന്റെ കല്പനപ്രകാരം അത് അതിന്റെ (പുതു) ഫലങ്ങൾ സദാ നല്കികൊണ്ടിരിക്കുന്നു. മനുഷ്യൻ ചിന്തിച്ചു ഗ്രഹിക്കുന്നതിന്നായി അല്ലാഹു ഉപമകൾ വിവരിക്കുന്നു. ഒരു ചീത്ത വചനത്തിന്റെ ഉപമ ഒരു ചീത്ത വൃക്ഷം പോലെയുമാണ്. ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് അത് പിഴുതിടപ്പെട്ടിരിക്കുന്നു. അതിന് യാതൊരു അടിയുറപ്പുമില്ല. ഐഹിക ജീവിതത്തിലും പരലോകത്തിലും വിശ്വസിച്ചവരെ നിലനില്ക്കുന്ന വചനം കൊണ്ട് അല്ലാഹു ഉറപ്പിച്ചു നിറു ത്തുന്നതാണ്. അക്രമികളെ അല്ലാഹു വഴിപിഴക്കാൻ വിടുകയും ചെയ്യുന്നു. താനുദ്ദേശിക്കുന്നത് അല്ലാഹു പ്രവർത്തിക്കുന്നതുമാണ്."**

അങ്ങനെ, ഇസ്‌ലാം ഒരു മനോഹരമായ പൂന്തോട്ടം പോലെയാണ്. ആ പൂന്തോട്ടത്തിന് മൃദുല സ്നേഹലാളന ശുശ്രൂഷ അത്യാവശ്യമാണ്. അങ്ങനെ ആയാൽ ആ പൂന്തോട്ടത്തിലെ ചെടികൾ, മധുര തരങ്ങളായ ഫലങ്ങളും നയനാനന്ദകരമായ പുഷ്പങ്ങളും പ്രദാനം ചെയ്യുന്നതാണ്. ഒരു മനുഷ്യൻ, തന്നെ താൻതന്നെ, ഇസ്‌ലാമിന്റെ ഒരു യഥാർത്ഥ ചെടിയായി പരിവർത്തനം ചെയ്താൽ, തന്റെ വിശ്വാസത്തെ സംരക്ഷിച്ചുകൊണ്ട്, ആത്മീയതയിലുള്ള പുരോഗതി ദിവസവും വിലയിരുത്തിക്കൊണ്ട് സർവ്വശക്തനായ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന്നായി അത്യധ്വാനം ചെയ്താൽ, ആ ചെടിയെ എന്നെന്നും പച്ചപ്പുള്ളതായി സംരക്ഷിക്കുവാൻ സാധിക്കുന്നതാണ്. എന്നാൽ മനുഷ്യരാൽ ആ പൂന്തോട്ടം ഉപേക്ഷിക്കപ്പെട്ടാൽ, ഈ അവസ്ഥ തുടരുവാൻ അല്ലാഹു അധികകാലം അനുവദിക്കുകയില്ല. തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ വാഗ്ദാനം ചെയ്തതുപോലെ, ഇസ്‌ലാമിന്റെ രക്ഷാകർത്തൃത്വം എപ്പോഴും അല്ലാഹുവിനു മാത്രമുള്ളതാണ്, അതിന്റെ അധ്യാപനങ്ങളെ ചവിട്ടി മെതിക്കുവാൻ അവൻ അനുവദിക്കുകയില്ല, ഇസ്‌ലാമിനു ക്ഷതമേല്ക്കുന്ന സമയം ആസന്നമായാൽ, വിശ്വാസവും, ഇസ്‌ലാമും നാമമാത്രമാകുമ്പോൾ, ഈ പൂന്തോട്ടത്തെ സംരക്ഷിക്കേണ്ടത് എങ്ങനെ എന്ന് പഠിപ്പിക്കുവാൻ അല്ലാഹു തന്റെ പ്രതിനിധിയെ തെരഞ്ഞെടുത്ത് അയയ്ക്കുന്നതാണ്, അതിലെ വൃക്ഷങ്ങളെ എങ്ങനെയാണ് സംരക്ഷിക്കേണ്ടതെന്ന് അദ്ദേഹത്തിലൂടെ പഠിപ്പിക്കുന്നു. അങ്ങനെ അതിലെ വൃക്ഷങ്ങൾ പൂക്കുവാനും കായ്ക്കുവാനും തുടങ്ങുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമെ ഈ അധ്വാനത്തിന്റെ ഫലങ്ങൾ പ്രകടമാവുകയുള്ളു. മനുഷ്യൻ സ്വയം നന്നാകുവാൻ ശ്രമിക്കുന്നു. ഇസ്‌ലാമുമായി അവൻ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഹൃദയംഗമമായി അല്ലാഹുവിനെ കീഴ്പ്പെടുത്തുന്നു. കാപട്യം ഒന്നും കാണിക്കുന്നില്ല. ഇവ അറിയുന്ന അല്ലാഹു അവന്റെ പ്രയത്നങ്ങൾക്ക് പ്രതിഫലം നല്കുന്നു.

ഓരോ വ്യക്തിയും ഇസ്‌ലാമാകുന്ന തോട്ടത്തെ പരിചരിക്കുന്നില്ലെങ്കിൽ, പ്രത്യേകിച്ച് മുസ്‌ലീംകൾ അവരുടെ ജീവിതത്തിലെ ഓരോ പ്രവർത്തിയും ഇസ്‌ലാമുമായി പൊരുത്തപ്പെടുത്തി പോകുന്നില്ലെങ്കിൽ, അതിന്റെ സൗന്ദര്യം നഷ്ടപ്പെട്ടു പോവുകയും, മനോഹരമായ അതിലെ സുഗന്ധ പുഷ്പങ്ങൾ കൊഴിഞ്ഞു പോകുന്നതുമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, എല്ലാ നിലയിലും പൂർത്തിയായ ഒരു കെട്ടിടം, കാലംകഴിഞ്ഞപ്പോൾ, അതിന് പൊട്ടലും ചോർച്ചയും ബാധിച്ചു. അതിന്റെ ഉടമസ്ഥൻ അത് കാണാതിരിക്കുകയും, അതു നന്നാക്കാൻ ശ്രമിക്കാതിരിക്കുകയും ചെയ്താൽ, ആ കെട്ടിടം തകരുകയും, അതു പൂർണ്ണമായും നശിക്കുകയും ചെയ്യുന്നതാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഒരു വീട്ടിലെ എല്ലാപേർക്കും ഭയാനകമായ രോഗം ബാധിച്ചു, ഒരു ഡോക്ടറെ കാണേണ്ട ആവശ്യമില്ല എന്ന് വാശിപിടിച്ചാൽ, ആ രോഗത്താൽ അവർ നശിച്ചൊടുങ്ങുന്നതാണ്.

കഴിഞ്ഞ കാല അധ്യാപനങ്ങളിൽ നിന്നും വിശുദ്ധ ഖുർആൻന്റെയും തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിലും ഒരു കാര്യം വ്യക്തമാണ് യഥാർത്ഥ മതത്തെ സംരക്ഷിക്കുന്നതിനായി അല്ലാഹു തന്റെ പ്രതിനിധിയെ നിയോഗിച്ചുകൊണ്ടിരിക്കും എന്നത് - **മാനവ ജീവിത വഴിയാണത് - അതാണ് ഇസ്‌ലാം.** വിധിനാൾവരേക്കും നിലനിൽക്കുന്ന അല്ലാഹുവിന്റെ വാഗ്ദാനമാണത്. അത് അല്ലാഹു പൂർത്തീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അക്കാരണത്താൽ ഇസ്‌ലാമാകുന്ന തോട്ടം എല്ലാവിധ കൃമികീടങ്ങളിൽ നിന്നും മുക്തമായിരിക്കും.

## മസീഹിന്റെയും മഹ്ദിയുടെയും ആഗമനം

വിശുദ്ധ ഖുർആന്റെയും തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിൽ മസീഹിന്റെയും മഹ്ദിയുടെയും ആഗമനം, ഇസ്‌ലാം എല്ലാം നിലയിലും ശക്തിപ്പെടുത്തുന്നതിന്, അനിവാര്യമാണ്. മഹ്ദിയുടെയും മസീഹിന്റെയും ആഗമനത്തെ കുറിച്ചുള്ള സന്തോഷവാർത്ത തലമുറകളിൽ നിന്ന് തലമുറകളിലേക്ക് പകർന്നുകൊണ്ടേയിരുന്നു. വിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) പറഞ്ഞു.

**"നിങ്ങളുടെ ഇമാമായി ഈസബ്നുമർയം നിങ്ങളിൽ ഇറങ്ങുമ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും." (ബുഖാരി).**

പരമ്പരാഗതമായി ലഭിച്ച ഈ പ്രവാചകവചനത്തെ തെറ്റായിവ്യാഖ്യാനിച്ച്, 2000 വർഷമായി ഈസബ്നുമർയം മരിക്കാതെ ആകാശങ്ങളിൽ കഴിയുകയാണെന്നും, ഒടുവിൽ അദ്ദേഹം മുസ്‌ലിംകൾ

ഉൾപ്പടെയുള്ള മനുഷ്യസമുദായത്തെ രക്ഷിക്കുവാനായി വരുമെന്നും, (തെറ്റായി) വിശ്വസിച്ചുവരുന്നു. ഈ വിഷയത്തിന്റെ ആഴങ്ങളിലേക്ക് പോകാതെ, ഈ വിശ്വാസം വെച്ചുപുലർത്തുന്ന മുസ്‌ലിംസഹോദര ങ്ങളുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. ഇസ്‌ലാമിന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) യെ വിലകുറച്ചു കാണിക്കുവാനും ആക്ഷേപിക്കുവാനും മാത്രമെ ഈ വിശ്വാസം കൊണ്ടു കഴിയുകയു ള്ളു.

പ്രപഞ്ചസൃഷ്ടിക്ക് മൂലകാരണക്കാരനായ പ്രവാചകശ്രേഷ്ഠൻ. സൃഷ്ടികളിൽ ഏറ്റവും ഉത്തമനായ സൃഷ്ടി, ഖാത്തമുന്നബിയ്യീൻആയ വിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) മറ്റു പ്രവാചകന്മാരെ പോലെ മരണമടഞ്ഞുകഴിഞ്ഞിരിക്കെ, മറിയമിന്റെ മകനായ ഈസ (അ) കഴിഞ്ഞ 2000 വർഷങ്ങളായി ആകാശങ്ങളിൽ ജീവിച്ചിരിക്കുന്നുവോ?

വിശുദ്ധ ഖുർആനിൽ നാം വായിക്കുന്നത്

**"നിനക്ക്മുമ്പ് നാം ഒരു മനുഷ്യനും ചിരകാലായുസ്സ് നല്കിയിട്ടില്ല. എന്നിരിക്കെ നീ മരിച്ചാൽ അവ രാണോ ചിരഞ്ജീവികൾ?"**

2000 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഈസബ്നുമർയമിനെ, മുസ്‌ലിംകളെ നവീകരിക്കുന്ന തിന് ഭൂമിയിലേക്ക് തിരികെ ആകാശത്തുനിന്നുകൊണ്ടു വരുമെന്ന് നാം വിശ്വസിക്കുകയാണെങ്കിൽ, വിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) യിലും ഇസ്‌ലാം മതം ആശ്ലേഷിച്ച അദ്ദേഹത്തിന്റെ ശിഷ്യ രായ ആളുകളിലും, ഒരാൾപോലും ദുഷിക്കാത്തവരായി ഇല്ലെന്നും, അതുകൊണ്ടുതന്നെ ഇസ്‌ലാം മത സംസ്ക്കരണത്തിന്നായി അദ്ദേഹത്തിന്റെ അനുയായികളിൽ ആളില്ലെന്നും, ജൂതന്മാർക്കായി നിയോഗിച്ച, ഒരു പ്രവാചകനെ, 2000 വർഷമായി ജീവിപ്പിച്ചിരിത്തിയിരിക്കുകയാണെന്നും, അദ്ദേഹം വന്നുവേണം ഇസ്‌ലാമിനെ ഉദ്ധരിക്കാനെന്നും കൂടി വിശ്വസിക്കേണ്ടിവരും.

ഈ വിശ്വാസവും അഭിപ്രായവും വെച്ചുപുലർത്തുന്ന മുസ്‌ലിംകളോട് താഴെ സൂചിപ്പിക്കുന്ന വിശുദ്ധ വചനം ശ്രദ്ധിക്കുവാൻ ഞാൻ ആവശ്യപ്പെടുകയാണ്.

## <u>ഈസ (അ) ഇസ്രായീൽ ജനതയുടെ പ്രവാചകൻ</u>

**"അല്ലാഹു അവന് ഗ്രന്ഥവും തത്വജ്ഞാനവും തൗറാത്തും ഇഞ്ചീലും പഠിപ്പിക്കുന്നതുമാണ് (എന്നും സുവിശേഷം നല്കി.) ഇസ്റായീൽ സന്തതികളിലേക്ക് ഒരു ദൂതനായി (അല്ലാഹു അവനെ നിയോഗിക്കു കയും ചെയ്യും.)"** (3:49,50)

മാനവകുലത്തിന്നാകമാനമായി, ഒരു ദൂതനായി, അദ്ദേഹം വീണ്ടും വരുമോ? എങ്കിൽ ഈ ഖുർ ആനിക വചനത്തെ മാറ്റി. പകരം മുഴുലോകത്തേക്കും എന്ന് (മാറ്റി) എഴുതുമോ ഈ മുസ്‌ലിം വിശ്വാസി കൾ?

ഈസ (അ) യുടെ രണ്ടാം വരവിനെ കുറിച്ച് പ്രവചനം ചെയ്തിരിക്കുന്ന ഈ പ്രവാചകവചനത്തെ കുറിച്ച് നാം ചിന്തിക്കുമ്പോൾ , പ്രസ്തുതഹദീതിൽ തന്നെ ഇതിന്റെ പ്രതിവിധിയും രേഖപ്പെടുത്തിയിരി ക്കുന്നതായി കാണാം. വിശുദ്ധ പ്രവാചകൻ (സ) പറഞ്ഞ വാക്ക് എല്ലാ അർത്ഥത്തിലും വ്യക്തമാണ്. അദ്ദേഹം പറഞ്ഞതിനു വിരുദ്ധമായി പറയുവാൻ ആർക്കും അവകാശവുമില്ല. ഈസബ്നുമർയം ആഗത രാകുമ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും **നിങ്ങളിൽ നിന്ന് നിങ്ങളുടെ ഇമാമായി നിങ്ങളിൽ പ്രത്യക്ഷനാവും.**

നിങ്ങളിൽ നിന്ന് എന്നവാക്ക് പ്രസ്തുത പ്രവാചക വചനത്തിൽ രണ്ടു സ്ഥലത്ത് പ്രയോഗിച്ചി ട്ടുണ്ട്. ഇത് വ്യക്തമാക്കുന്നത് മഹ്ദി മുസ്‌ലിംകളിൽ നിന്നു തന്നെയാണ് പ്രത്യക്ഷനാകുന്നത് എന്നാണ്. അല്ലാതെ മറ്റൊരു സമുദായത്തിൽ നിന്നല്ല എന്നത് വ്യക്തമാണ്. ഇതിനുള്ള മറ്റൊരർത്ഥം മഹ്ദി ഭൂമിയിൽ ജീവിക്കുന്നവരിൽ നിന്നുമാണ് വരുന്നത്. അല്ലാതെ നേരത്തെ ആഗതരായ പ്രവാചകൻ ആകാശത്തുനിന്ന് ഇറങ്ങിവരുന്നതല്ല എന്ന സാരം.

എലീജ (Elijah) യെപ്പറ്റി യേശു ചോദിക്കപ്പെട്ടപ്പോൾ പ്രവചനപ്രകാരം യേശുവിനു മുമ്പേ ആകാ ശത്തിൽ നിന്നും വരേണ്ടവനായിരുന്നു. അദ്ദേഹം പറഞ്ഞു. **സ്നാപക യോഹന്നാന്റെ രൂപത്തിൽ നേരത്തെ വന്നു കഴിഞ്ഞുവല്ലോ.**

(മത്തായി 17:10-13 മാർക്ക് 8:11-13, ലൂക്ക് 1:17)

ഏതെങ്കിലും പ്രവാചകന്റെ വരവിനെ സംബന്ധിച്ച് പ്രവചനം ഉണ്ടെങ്കിൽ അതിന്റെ അർത്ഥം, ആ പ്രവാചകന്റെ ആത്മീയതയ്ക്കും അധികാരത്തിനും നിരക്കുന്ന നിലയിൽ മറ്റൊരാൾ വരുമെന്നാകുന്നു. മരണപ്പെട്ടവരിൽ നിന്നും അതേമനുഷ്യനെ രക്തത്തിലും മാംസത്തിലും കൊണ്ടുവരുമെന്നല്ല എന്ന് ഈ വചനം വ്യക്തമായും കാണിക്കുന്നു.

അങ്ങനെ, അല്ലാഹു ഇസ്ലാമിനെയും മുസ്ലീംകളെയും ഇന്നും അവഗണിച്ചിട്ടില്ല. ഇസ്ലാമിലെ ആദ്യത്തെ മസീഹ്നെ അല്ലാഹു ലോകത്ത് ഇസ്ലാമിനെ ഉദ്ധരിക്കാൻ ഒരു നൂറു വർഷങ്ങൾക്കു മുമ്പ് കൊണ്ടു വന്നതുപോലെ, അവന്റെ വാഗ്ദാനം പൂർത്തീകരിച്ചുകൊണ്ട് അതാ വീണ്ടും രണ്ടാമത് ഒരിക്കൽകൂടി ഒന്നാംമസീഹിന്റെ അനുയായികളിൽ നിന്നും, അതേ പ്രകാശവും കയ്യിലേന്തി വിജയത്തിലേക്ക് കുതിക്കുവാൻ ആഗതരായിരിക്കുന്നു. ആ വിജയം ഇസ്ലാമിന്റെ സത്യത വീണ്ടും സ്ഥാപിക്കുന്നതിനു വേണ്ടിയാണ്. ഇസ്ലാമിക ആരാമത്തെ വീണ്ടും മനോഹരമാക്കുന്നതിനു വേണ്ടിയാണ്. അത് കണ്ണിന് കുളിർമ്മയേകും, ഹൃദയത്തിനും ആത്മാവിനും സാന്ത്വനമേകും, അതിന്റെ അർത്ഥം ആത്മീയ സൽഫങ്ങൾ മാനവസമൂഹം ഒരിക്കൽ കൂടി നുകരും. വിശ്വാസത്തിന്റെ സൽഫലങ്ങൾ, അങ്ങനെ അവന്റെ ജീവിതത്തിന് മാറ്റങ്ങൾ ഉണ്ടാവുകയും, അവന്റെ അന്തരംഗം ദൈവീക സൗന്ദര്യത്താലും പ്രകാശത്താലും പ്രശോഭിതമായിത്തീരുകയും ചെയ്യുന്നതാണ്.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. വാഗ്ദത്തമഹ്ദി, ഈസ (യേശു) ആയിട്ടായിരിക്കും വരുന്നത്, അതിൽ നിന്നും അർത്ഥശങ്കയ്ക്കിടയില്ലതെ വ്യക്തമാകുന്ന ഒരു കാര്യം **പ്രതീക്ഷിക്കുന്ന മഹ്ദി ഒരു പ്രവാചകനായിരിക്കും** എന്നാണ്. പുതിയ ശരീഅത്തുമായി വരുന്ന ആളല്ലഎന്ന് വ്യക്തം. പ്രവാചകപ്രഭു മുഹമ്മദ് (സ) ന്റെ പ്രതിബിംബം. അന്തിമ ശരീഅത്തിന്റെ പ്രതിബിംബം. ആ പുണ്യപുരുഷന്റെ തിരുവാക്കുകളിൽ നിന്നും സുവ്യക്തമാകുന്ന കാര്യം, ഒരു മഹ്ദിയെ അല്ല പ്രതീക്ഷിക്കുന്നത് പിന്നെയോ. അനേകം മഹ്ദിമാരും മസീഹ്മാരും വരും എന്നുതന്നെയാണ്. എപ്പോഴൊക്ക ഇസ്ലാമിനു അപകടം സംഭവിക്കുമോ അപ്പോഴെല്ലാം മഹ്ദിമാർ മസീഹ്മാരായിവരും. ഇത് ഇസ്ലാമിലെ എക്കാലത്തെയും പ്രതീക്ഷാനിർഭരമായ വാർത്തയാണ്.

അല്ലാഹുവിലും അവന്റെ പ്രിയപ്പെട്ട പ്രവാചകൻ മുഹമ്മദ് (സ) ലും നാം കാത്തു സൂക്ഷിക്കുന്ന അതിയായ സ്നേഹത്തിന് പകരം നമുക്ക് എന്താണുള്ളത്? മാനവകുലത്തിന്റെ അതിരറ്റ, മാതൃകപുരുഷനായ നബികരിം (സ) നെ സ്നേഹിക്കുന്നവർക്ക് അല്ലാഹു നല്കുന്ന പാരിതോഷികങ്ങളാണ് മഹ്ദിമാർ, മസീഹ്മാർ. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗത്തേയും അല്ലാഹു അനുഗ്രഹിക്കട്ടെ. അല്ലാഹുവിന്റെ വിജയം നമ്മളിലൂടെ തിളങ്ങിനില്ക്കട്ടെ! അല്ലാഹു ഈ വിനീതനിലൂടെ ഈ നൂറ്റാണ്ടിൽ പ്രകടമാക്കിയ ദൈവീക ദൃഷ്ടാന്തം ലോകമെങ്ങും നമ്മളിലൂടെയും ജമാഅത്തു സ്സഹീഹിൽ ഇസ്ലാമിലൂടെയും പ്രസരിക്കട്ടെ. ഇൻശാ അല്ലാഹ് ആമീൻ.

Translated & Issued By
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*